സ്റ്റേറേറുകാർ അപകടം

* 5. [28] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ഡിസംബർ 8—ാം തീയതി തൃശ്ശൂർവച്ച് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. ടി. ചാക്കോ സഞ്ചരിച്ചിരുന്ന സ്റ്റേറ്റ് കാർ ഒരു അപകടത്തിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തന്മൂലം എത്ര രൂപയുടെ നഷ്ടം ടി സ്റ്റേറേറ് കാറിനു് ഉണ്ടെന്നു കണക്കാക്കപ്പെട്ടിട്ടുണ്ടു് ;

(സി) ബഹുമാനപ്പെട്ട മന്ത്രിക്കു് അന്നേ ദിവസം പീച്ചിഹൗസിൽ എന്തെങ്കിലും തരത്തിലുള്ള ഔദ്യോഗിക പരിപാടിയുണ്ടായിരുന്നോ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) കാർ ഒരു ഉന്തുവണ്ടിയിൽ തട്ടിയിട്ടുണ്ടു്.

(ബി) ഗവണ്മെൻറിനു നഷ്ടമൊന്നും ഉണ്ടായിട്ടില്ല.

(സി) ഇല്ലായിരുന്നു.

സ്റ്റേറേറ് കാർ മുട്ടി പരുക്കുപറ്റിയവർ.

* 6. [48] ശ്രീ. എൻ. ഈ. ബലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂരിൽവച്ച് അടുത്ത കാലത്തു് ആഭ്യന്തര മന്ത്രിയുടെ കാർ തട്ടി ചിലർക്കു് പരുക്കേറ്റിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ചു് പോലീസ് വല്ല കേസും എടുത്തിട്ടുണ്ടോ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) ഇല്ല. കാർ ഒരു ഉന്തുവണ്ടിയിൽ തട്ടി. അതിന്റെ ഫലമായി ചിലർക്കു് പരുക്കു പറ്റി.

(ബി) ഉണ്ടു്. അന്വേഷണത്തിലിരിക്കുന്നു.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : അപകടത്തിൽപെട്ടതു് സ്റ്റേറേറ് കാർ ആയിരുന്നുവെന്നു് പത്രങ്ങളിൽ കണ്ടു. കാർ ഓവർ സ്പീഡിൽ ഓടിച്ചതിന്റെ ഫലമായി രണ്ടുമൂന്നുപേർക്കു് പരുക്കേറ്റിട്ടുണ്ടെന്നു പറഞ്ഞു കേട്ടു. അപകടം സംഭവിച്ച സമയത്തു് ഈ കാർ ഡ്രൈവു് ചെയ്തിരുന്നതു് നമ്മുടെ ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. പി. ടി. ചാക്കോ തന്നെയായിരുന്നോ ?

ശ്രീ. പി. ടി. ചാക്കോ : കാർ സ്റ്റേറേറുകാർതന്നെയായിരുന്നു. ഓടിച്ചിരുന്നതു് ഞാൻതന്നെയായിരുന്നു. ഓവർ സ്പീഡിൽ ഓടിച്ചിരുന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ : വണ്ടി ഓടിച്ചിരുന്ന ആൾക്കു് ഡ്രൈവിംഗ് ലൈസൻസ് ഉണ്ടോ ?

ശ്രീ. പി. ടി. ചാക്കോ : 1950 മുതൽ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : അദ്ദേഹത്തിനു് ഡ്രൈവറെ കൊടുത്തിട്ടില്ലേ ? ഉണ്ടെങ്കിൽപിന്നെ എന്തുകൊണ്ടാണു് അദ്ദേഹംതന്നെ കാറോടിച്ചതു് ?

ശ്രീ. പി. ടി. ചാക്കോ : ഞാനായിരുന്നു കാർ ഓടിച്ചതു്.

ശ്രീ. ഈ. പി. ഗോപാലൻ : മോട്ടാർ വെഹിക്കിൾസ് ആക്റ്റനുസരിച്ചു്, സാധാരണ മര്യാദയനുസരിച്ചു്, മനുഷ്യത്വപരമായ ധർമ്മം അനുസരിച്ചു് മുറിവേറ്റവരെ ആശുപത്രിയിലേക്കു് കൊണ്ടുപോകാതെ പീച്ചിത്താവളത്തിൽ എത്താനുള്ള തിരക്കു് എന്തായിരുന്നു ?

LIBRARY ARCHIVES Kerala Legislative Assembly